# കേരളസർവകലാശാല

നം.പി.ആർ.221/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2021
### ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2021 – 22 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശാദാംശങ്ങൾ വെബ്സൈറ്റിൽ) നവംബർ 04 വരെ ഓൺലൈനായി ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം ലഭ്യമാകുന്ന വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. അപേക്ഷകർ തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ നവംബർ 04 വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

ഒന്ന്, രണ്ട് ഘട്ടം അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം അഡ്മിഷനായി കോളേജുകളിൽ ഹാജരായാൽ മതി.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ടൈംടേബിൾ

കേരളസർവകലാശാലയുടെ ബി.കോം. ആന്വൽ സ്കീം പ്രൈവറ്റ്, എസ്.ഡി.ഇ. ആന്റ് സപ്ലിമെന്ററിയുടെ ഒന്നും രണ്ടും വർഷ പാർട്ട് ഒന്ന്, രണ്ട് ഏപ്രിൽ 2021 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### വൈവ വോസി

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. (വിദൂര വിദ്യാഭ്യാസകേന്ദ്രം – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ മിനി പ്രോജക്ട് വൈവ

വോസി നവംബർ 8, 9 തീയതികളിൽ കാര്യവട്ടം എസ്.ഡി.ഇ.യിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.എ., ബി.എസ്സി., ബി.കോം. (First Degree Programme under CBCSS) & ബി.എ., ബി.എസ്സി., ബി.കോം., ബി.ബി.എ. ബി.സി.എ., ബി.എം.എസ്., ബി.എസ്.ഡബ്ല്യൂ., ബി.വോക്. (Career related First Degree Programme under CBCSS) റെഗുലർ 2019 അഡ്മിഷൻ, സപ്ലിമെന്ററി 2017 അഡ്മിഷൻ & 2018 അഡ്മിഷൻ) (ഡിസംബർ 2021) പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 6 വരെയും 150 രൂപ പിഴയോടെ നവംബർ 10 വരെയും 400 രൂപ പിഴയോടെ നവംബർ 12 വരെയും അപേക്ഷിക്കാം.

## ഫങ്ഷണൽ തമിഴ് – ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

കേരളസർവകലാശാലയ്ക്ക് കീഴിലുള്ള മനോന്മണിയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് 2021 നവംബർ 15 മുതൽ 2022 ഫെബ്രുവരി 15 വരെ മൂന്നുമാസത്തെ ഫങ്ഷണൽ തമിഴ് സർട്ടിഫിക്കറ്റ് കോഴ്സ് ഓൺലൈനായി നടത്തുന്നു. തമിഴ് വായിക്കാനും എഴുതാനും സംസാരിക്കാനും വിവർത്തനം ചെയ്യാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിലാണ് സിലബസ് ആസൂത്രണം ചെയ്തിരിക്കുന്നത്. തമിഴ് ഭാഷാപരിജ്ഞാനം അടിസ്ഥാന യോഗ്യതയായി നിർണയിച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള ഉദ്യോഗങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് ഉപയോഗിക്കാവുന്നതാണ്.

മൂന്നുമാസമാണ് കോഴ്സിന്റെ കാലാവധി. എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകുന്നേരം 6 മണി മുതൽ 8 മണി വരെയാണ് ക്ലാസ്. ഗൂഗിൾമീറ്റ് വഴിയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ഹയർസെക്കണ്ടറി വിജയമാണ് അടിസ്ഥാനയോഗ്യത. കോഴ്സിൽ പങ്കെടുക്കുന്നതിന് ഉയർന്ന പ്രായപരിധി ഇല്ല. അറ്റന്റൻസ്, ഗ്രൂപ്പ് വർക്ക്, എഴുത്തുപരീക്ഷ, വാചാപരീക്ഷ എന്നിങ്ങനെ നൂറു മാർക്കാണ് ആകെ സ്കോർ. കോഴ്സ് വിജയിക്കുന്നതിന് 50 മാർക്ക് നേടണം.

ഫീസ്: 3000/- (മൂവായിരം) രൂപയാണ്. കോഴ്സിൽ ചേരാനാഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള ഗൂഗിൾ ഫോം പൂരിപ്പിച്ചയക്കുക. https://docs.google.com/forms/d/e/1FAIpQLSf36cKPIfqQd_UsX2IUDnJPj9eNKjvJa-o4rBswbRjNbfA-zQ/viewform?usp=pp_url

അപേക്ഷ അയക്കുന്നതിനുള്ള അവസാന തീയതി നവംബർ 10. വിശദവിവരങ്ങൾക്ക്: **9496468759, 9447222571.**

## തിരുത്തിയ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല സെനറ്റിലേക്കുള്ള ഇടക്കാല തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഒക്ടോബർ 28 ന് തിരുത്തലുകൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച വോട്ടർപട്ടികകൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## എസ്.സി., എസ്.ടി. സീറ്റ് ഒഴിവ്

കേരളസർവകലാശാല സ്റ്റഡി ആന്റ് റിസർച്ച് സെന്റർ, ആലപ്പുഴയിൽ എം.കോം. റൂറൽ മാനേജ്മെന്റ് പ്രോഗ്രാം 2021 അഡ്മിഷന് എസ്.സി., എസ്.ടി., സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 1 ന് രാവിലെ 11 മണിക്ക് സെന്ററിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0477 – 2266245.

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ എൽ.എൽ.എം., എം.എ.ഇസ്ലാമിക് ഹിസ്റ്ററി, പൊളിറ്റിക്സ് ഇന്റർനാഷണൽ റിലേഷന്സ് ആന്റ് ഡിപ്ലോമസി, എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ നാനോ സയൻസ്, അപ്ലൈഡ് അക്വാകൾച്ചർ എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 1 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ എം.എ.ജർമൻ, റഷ്യൻ, മ്യൂസിക്, സ്റ്റാറ്റിസ്റ്റിക്സ്, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്, എം.കോം. ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 1 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ ലിംഗ്വിസ്റ്റിക്സ്, അറബിക്, സംസ്കൃതം, എം.എസ്സി. ഡെമോഗ്രഫി, ആക്ച്വൂരിയൽ സയൻസ്, ഡാറ്റ സയൻസ്, കമ്പ്യൂട്ടർസയൻസ്, കമ്പ്യൂട്ടർസയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഫിനാൻസ് ആന്റ് കമ്പ്യൂട്ടേഷൻ, എം.എഡ്., എം.ടെക്. കമ്പ്യൂട്ടർസയൻസ്, ഒപ്റ്റോഇലക്ട്രോണിക്സ്, ടെക്നോളജി മാനേജ്മെന്റ് എന്നീ പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.സി., എസ്.ടി. സീറ്റ് ഒഴിവുണ്ട്. എം.സി.ജെ., എം.എസ്സി. കെമിസ്ട്രി പ്രോഗ്രാമുകൾക്ക് 2021 – 23 ബാച്ച് അഡ്മിഷന് എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 1 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പി.എച്ച്.ഡി. നൽകി

വിൻഷി പി.കെ. (സോഷ്യൽ സയൻസസ്) ക്ക് പിഎച്ച്.ഡി. നൽകാൻ ഇന്നലെ (28.10.2021) ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
29.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**